Reg. No ..................... Name ............................... **23U309**

**B. A / B. Sc. DEGREE END SEMESTER EXAMINATION : NOVEMBER 2023**

**SEMESTER 3 : MALAYALAM (ADDITIONAL LANGUAGE)**

COURSE : **19U3CCMAL3A : ARANGUM PORULUM**

*(For Regular 2022 Admission and Improvement / Supplementary 2021/ 2020 / 2019 Admissions)*

Time : Three Hours Max. Marks: 75

**എ വിഭാഗം**

**ഒറ്റവാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക**

1. ആശ്ചര്യചൂടാമണി എന്ന നാടകം രചിച്ചതാരാണ്?
2. മലയാളത്തിലെ ആദ്യത്തെ അനുരൂപണ സിനിമ ഏത്?
3. "എ ട്രിപ്പ് ടു ദി മൂൺ" ആരുടെ സിനിമയാണ്?
4. ‘ മഹാത്മാക്കളുടെ ബുദ്ധി ഏതു വിഷയത്തിലാണ് എത്താത്തത് ‘ ആരുടെ വാക്കുകൾ?
5. "വിഭക്തി ഉണ്ടെങ്കിൽ പഠിച്ചു പാടികൊൾവിൻ " എന്നു കവി വായനക്കാരനോട് പറയുന്നത് ഏത് കാവ്യത്തിലാണ്.?
6. ഖസാക്കിന്റെ ഇതിഹാസം എന്ന നോവൽ എഴുതിയതാര്?
7. കൊടുങ്ങലൂർ കൊച്ചുണ്ണി തമ്പുരാൻ രചിച്ച ഭാണത്തിന്റെ പേര് എന്ത്?
8. കൂടിയാട്ടത്തിൽ ഉപയോഗിക്കപ്പെടുന്ന മുഖ്യവാദ്യം ഏത്?
9. ഊരാകെ നിന്റേതല്ലേ ! .ഊരാളരെല്ലാം നെനക്കുള്ളോരും."ആരുടെ വാക്കുകൾ?
10. "കരിംകുട്ടിയുടെ ഭാവതാളം" എന്ന നാടകപഠനം എഴുതിയതാര് ?

**(1 x 10 = 10)**

**ബി വിഭാഗം**

**അരപ്പുറത്തിൽ കവിയാതെ എട്ട് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക**

11. അടൂർഗോപാലകൃഷ്ണൻ എന്ന സംവിധായകനെ പരിചയപ്പെടുത്തുക?
12. കഥാപാത്രക്കുറിപ്പ് എഴുതുക - കൊണ്ടാടിമാടൻ
13. "തൊട്ടാൽ തല തെറിക്കും.അതിൽ ക്രിസ്ത്യാനിയെന്നോ മുസ്ലിമെന്നോ ഒരു ഭേദം ഇല്ല." സന്ദർഭം എഴുതുക?
14. “എരിതീയിൽപതിതനായ് വരികവഞ്ചകനവൻ "-ഭൈമി ഇപ്രകാരം ചിന്തിക്കാൻ കാരണമെന്ത്?
15. അനസൂയ,രാജാവിനെ കുറിച്ച് അറിയാൻ ആഗ്രഹിച്ച് ചോദിച്ചത് എന്താണ്?
16. അരവിന്ദൻ എന്ന സംവിധായകനെ പരിചയപ്പെടുത്തുക
17. " മരത്തിനിടയിൽ കാണാമേ സുന്ദരത്തിനുടെ സാദൃശ്യേയം" ആരാണ് ഇപ്രകാരം ചിന്തിക്കുന്നത്? അതിനുള്ള കാരണമെന്ത് .?
18. " പെണ്ണറിഞ്ഞാൽ ലോകം മുഴുവനുമറിയുമേ ". ആരുടെ വാക്കുകൾ? സന്ദർഭമെഴുതുക?
19. ശകുന്തള എപ്രകാരമാണ് ദുഷ്യന്തവീര്യത്തെ ഉള്ളിൽ വഹിക്കുന്നത്?
20. ധർമ്മാരണ്യത്തിൽ വന്നത് എന്തിനാണെന്നാണ് ദുഷ്യന്തൻ വെളിപ്പെടുത്തുന്നത്?

**(2 x 8 = 16)**

## സി വിഭാഗം

**ഒരുപുറത്തിൽ കവിയാതെ ഏതെങ്കിലും അഞ്ചു ചോദ്യത്തിന് ഉത്തരമെഴുതുക**

21. കണ്വഹസ്തങ്ങളിൽ ശകുന്തള എത്തിച്ചേർന്നതിനെക്കുറിച്ച് രാജാവ് പറയുന്ന കാര്യങ്ങൾ എന്തൊക്കെയാണ്?
22. മിണ്ടാപ്രാണികളുടെ രോദനങ്ങളിലൂടെ എതിർപ്പിന്റെ സ്വരം അവതരിപ്പിക്കാൻ വിധേയൻ എന്ന സിനിമയ്ക്ക് കഴിഞ്ഞിട്ടുണ്ടോ ?
23. ഒരു നാടകീയ കാവ്യമെന്ന നിലയിൽ നളചരിതത്തിന്റെ സവിശേഷതകൾ എന്തെല്ലാം?
24. നളന്റെ കഥാപാത്രത്തെ വിമർശനദൃഷ്ട്യാ വിലയിരുത്തുക
25. "ഞാനു വെടിവെച്ചതാണെന്ന് അവളു അറിയാനു പാടില്ല .ആ സങ്കടത്തില് അവളു മരിക്കരുത്." സന്ദർഭം എഴുതി വിശദീകരിക്കുക?
26. കശ്യപൻ ശകുന്തളയുടെ അച്ഛനായത് എങ്ങനെയാണെന്നാണ് അനസൂയ പറയുന്നത്
27. കരിങ്കുട്ടി എന്ന നാടകത്തിന്റെ രചനയ്ക്ക് കാരണമായി കാവാലം പറയുന്നത് എന്ത്?

**(5 x 5 = 25)**

## ഡി വിഭാഗം

**രണ്ടു ചോദ്യത്തിന് നാലു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക**

28. അധികാര വിധേയത്വങ്ങളുടെ സംഘർഷങ്ങൾ വിധേയൻ എന്ന സിനിമയിൽ ആവിഷ്ക്കരിച്ചിരിക്കുന്നതെങ്ങനെ?

**അല്ലെങ്കിൽ**

29. ചേദി രാജധാനിയിൽ എത്തിയ ദമയന്തിയുടെ അവസ്ഥ, ചിന്തകൾ ഇവ എപ്രകാരമാണ് ഉണ്ണായിവാര്യർ അവതരിപ്പിക്കുന്നത് ? ഉപന്യസിക്കുക ?

30. "നീ എന്നെ തൊട്ടാൽ, അല്ലാ ഞാൻ നിന്നെ തൊട്ടാൽ, ഞാൻ ശുദ്ധം മാറേണ്ടി വരും" ഈ വരികളിൽ പ്രകടമാകുന്ന സാമൂഹികസാഹചര്യം കാവാലത്തിന്റെ നാടകത്തെ മുൻനിർത്തി വിവരിക്കുക?

**അല്ലെങ്കിൽ**

31. നളചരിതത്തിലെ ദമയന്തിയുടെയും മലയാളശാകുന്തളത്തിലെ ശകുന്തളയുടെയും സ്വഭാവ സവിശേഷതകൾ താരതമ്യം ചെയ്യുക ?

**(12 x 2 = 24)**